പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4102 — 16.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി ഡിപ്പോകളിലെ വാണിജ്യ സമുച്ചയങ്ങൾ

ചോദ്യം

ശ്രീ.ആർ. രാജേഷ്

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി. സി-ക്ക് എത്ര ഡിപ്പോകളുണ്ടെന്നും അവ ഏതൊക്കെയെന്നും അവയുടെ ഉടമസ്ഥത ആർക്കാണെന്നും വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.ക്ക് സംസ്ഥാനത്ത് 30 ഡിപ്പോ, 43 സബ് ഡിപ്പോ, 20 ഓപ്പറേറ്റിംഗ് സെന്റർ എന്നീ വിഭാഗങ്ങളിലായി 93 യൂണിറ്റുകളുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. ഇവയുടെ ഉടമസ്ഥാവകാശം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. |
| (ബി) | പ്രസ്തുത ഡിപ്പോകളിൽ സ്ഥിതി ചെയ്യുന്ന വാണിജ്യസമുച്ചയങ്ങളുടെ ഉടസ്ഥത ആർക്കെന്നും അവയിലൂടെ ലഭിക്കുന്ന വരുമാനം ആർക്കെന്നും വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ സ്ഥിതി ചെയ്യുന്ന വാണിജ്യസമുച്ചയങ്ങളുടെ ഉടമസ്ഥതയും, വരുമാനവും പൂർണമായും കെ.എസ്.ആർ.ടി.സിക്കാണ്. എന്നാൽ തിരുവനന്തപുരം സെൻട്രൽ, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നീ യൂണിറ്റുകളിൽ ബി.ഒ.റ്റി വ്യവസ്ഥയിൽ കെ.ടി.ഡി.എഫ്.സി.യാണ് വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ചിട്ടുള്ളത്. ഇവയിൽ നിന്നുള്ള വരുമാനത്തിന്റെ ഭാഗവും കെ.എസ്.ആർ.ടി.സിക്ക് ലഭ്യമാകുന്നുണ്ട്. |
| (സി) | പ്രസ്തുത വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഏതൊക്കെ വകുപ്പുകളുടെ അനുമതിവേണമെന്ന് വിശദമാക്കുമോ; | (സി) | എയർപോർട്ട് അതോരിറ്റി, മലിനീകരണ നിയന്ത്രണ ബോർഡ്, അഗ്നിശമന സുരക്ഷാ വകുപ്പ് എന്നിവയിൽ നിന്നും ലഭിക്കുന്ന പ്രാരംഭ നിരാക്ഷേപ പത്രവും ആവശ്യമെങ്കിൽ |

| | | | |
|---|---|---|---|
| | | | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും ലഭിക്കുന്ന നിരാക്ഷേപ പത്രവും ലഭ്യമാക്കിയ ശേഷം ചീഫ് ടൗൺ പ്ലാനർ നൽകുന്ന ലേ-ഔട്ട് പ്ലാനിന് വിധേയമായി തയ്യാറാക്കുന്ന ബിൽഡിംഗ് പ്ലാനിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്ന് ലഭിക്കുന്ന പെർമിറ്റ് ലഭിച്ച ശേഷം മാത്രമേ വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം നടത്തുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | ഇത്തരം വാണിജ്യസമുച്ചയങ്ങളുടെ വരുമാനം ഏതെങ്കിലും തദ്ദേശ സ്ഥാപനത്തിന് നൽകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സിയുടെ വരുമാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നില്ല. ചട്ടങ്ങൾ പ്രകാരമുള്ള കെട്ടിട നികുതി, വസ്തു നികുതി, തൊഴിൽ നികുതി എന്നിവ മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കി വരുന്നത്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

**ഡിപ്പോ**

1. ആറ്റിങ്ങൽ
2. ആലപ്പുഴ
3. ആലുവ
4. ചങ്ങനാശ്ശേരി
5. ചെങ്ങന്നൂർ
6. ചേർത്തല
7. എറണാകുളം
8. കണ്ണൂർ
9. കാസർഗോഡ്
10. കായംകുളം
11. കൊല്ലം
12. കൊട്ടാരക്കര
13. കോട്ടയം
14. കോഴിക്കോട്
15. മൂവാറ്റുപുഴ
16. നെടുമങ്ങാട്
17. നെയ്യാറ്റിൻകര
18. പാലാ
19. പാലക്കാട്
20. പാപ്പനംകോട്
21. പാറശ്ശാല
22. പത്തനംതിട്ട
23. പെരുമ്പാവൂർ
24. പൂവാർ
25. സുൽത്താൻബത്തേരി
26. തിരുവല്ല
27. തൃശ്ശൂർ
28. തിരുവനന്തപുരം സെൻട്രൽ
29. തിരുവനന്തപുരം സിറ്റി
30. വിഴിഞ്ഞം

**സബ് ഡിപ്പോ**

1. അടൂർ
2. അങ്കമാലി
3. ചടയമംഗലം
4. ചാലക്കുടി
5. ചാത്തന്നൂർ
6. ചിറ്റൂർ
7. ഈരാറ്റുപേട്ട
8. ഗുരുവായൂർ
9. ഹരിപ്പാട്
10. കൽപ്പറ്റ
11. കാഞ്ഞങ്ങാട്
12. കണിയാപുരം
13. കരുനാഗപ്പള്ളി
14. കാട്ടാക്കട
15. കട്ടപ്പന
16. കിളിമാന്നൂർ
17. കൊടുങ്ങല്ലൂർ
18. കോതമംഗലം
19. കുമിളി
20. മാള
21. മലപ്പുറം
22. മാനന്തവാടി
23. മാവേലിക്കര
24. നിലമ്പൂർ
25. നോർത്ത് പറവൂർ
26. പത്തനാപുരം
27. പയ്യന്നൂർ
28. പെരിന്തൽമണ്ണ
29. പേരൂർക്കട
30. പിറവം
31. പൊൻക്കുന്നം
32. പൊന്നാനി
33. പുനലൂർ
34. തലശ്ശേരി
35. താമരശ്ശേരി
36. തൊടുപുഴ
37. തൊട്ടിൽപ്പാലം
38. വൈക്കം
39. വെള്ളനാട്
40. വെള്ളറട
41. വെഞ്ഞാറമ്മൂട്
42. വികാസ് ഭവൻ
43. വിതുര

**ഓപ്പറേറ്റിംഗ് സെന്റർ**

1. ആര്യനാട്
2. ആര്യങ്കാവ്
3. എടത്വ
4. എരുമേലി
5. ഇരിങ്ങാലക്കുട
6. കോന്നി
7. കൂത്താട്ടുകുളം
8. കളത്തൂപ്പുഴ
9. മല്ലപ്പള്ളി
10. മണ്ണാർക്കാട്
11. മൂലമറ്റം
12. മൂന്നാർ
13. നെടുങ്കണ്ടം
14. പാലോട്
15. പന്തളം
16. പുതുക്കാട്
17. റാന്നി
18. തിരുവമ്പാടി
19. വടകര
20. വടക്കാഞ്ചേരി

സെക്ഷൻ ഓഫീസർ